**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.04.2016-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക് 12.15 മണിക്ക് ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.04.2016-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1200** തദ്ദേശഭരണ സ്ഥാപനങ്ങൾ **4419.48** കോടി രൂപ (**70.36** %) ചെലവഴിച്ചതായും ഇതിൽ **941** ഗ്രാമപഞ്ചായത്തുകൾ **2385.16** കോടി രൂപയും (**74.50** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **622.28** രൂപയും (**85 %) 14** ജില്ലാ പഞ്ചായത്തുകൾ **593.93** കോടി രൂപയും (**65.39**%), **87**മുനിസിപ്പാലിറ്റികൾ **485.93** കോടി രൂപയും, (**61.68**%), **6** കോർപ്പറേഷനുകൾ **332.17**കോടി രൂപയും (**51.08**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2** ഗ്രാമപഞ്ചായത്തുകളും **7** ബ്ലോക്ക് പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും 100% പദ്ധതി വിഹിതം ചെലവഴിച്ചതായും റിപ്പോർട്ട് ചെയ്തു. **90** മുതൽ **100** ശതമാനം വരെ **78** ഗ്രാമപഞ്ചായത്ത് **54** ബ്ലോക്ക് പഞ്ചായത്ത് **3** മുനിസിപ്പാലിറ്റികളും 80 മുതൽ 90 ശതമാനംവരെ **309** ഗ്രാമപഞ്ചായത്തുകളും **58** ബ്ലോക്ക് പഞ്ചായത്തുകളും **2** ജില്ലാ പഞ്ചായത്തുകളും **8** മുനിസിപ്പാലിറ്റികളും **70** മുതൽ **80** ശതമാനം വരെ 316 ഗ്രാമപഞ്ചായത്ത് **23** ബ്ലോക്ക് പഞ്ചായത്ത് 3 ജില്ലാ പഞ്ചായത്ത് **21** മുനിസിപ്പാലിറ്റികളും **60** മുതൽ **70** ശതമാനംവരെ 180 ഗ്രാമപഞ്ചായത്തുകളും 8 ബ്ലോക്ക് പഞ്ചായത്ത് 4 ജില്ലാ പഞ്ചായത്ത് 22 മുനിസിപ്പാലിറ്റി 2 കോർപ്പറേഷനുകളും 50 മുതൽ 60 ശതമാനംവരെ 41 ഗ്രാമപഞ്ചായത്തുകളും **1** ബ്ലോക്ക് പഞ്ചായത്തും **3** ജില്ലാ പഞ്ചായത്ത് **20** മുനിസിപ്പാലിറ്റികളും **2** കോർപ്പറേഷനുകളും പദ്ധതി വിഹിതം ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 അംഗനവാടി വർക്കർമാരുടെ വേതനം നിലവിലെ 6600 രൂപയിൽ നിന്നും 10000 രൂപയായി ഉയർത്തുന്നതിനും ഹെൽപ്പർമാരുടെ വേതനം 4100 രൂപയിൽ നിന്നും 7000 രൂപയായി ഉയർത്തുന്നതിനും 16.02.2016-ലെ സ.ഉ.(സാധാ)636/2016/തസ്വഭവ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. ഇതിൽ യഥാക്രമം 4400 രൂപ, 2900 രൂപ വീതം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും നൽകാനാണ് നിർദ്ദേശിച്ചിരുന്നത്. ഇപ്രകാരം വേതനം നൽകുന്നതിന് പ്രോജക്ട് വയ്ക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവരുടെ അധികരിച്ച വേതനം തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനും പ്രേജക്ട് രൂപീകരിക്കുമ്പോൾ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസന ഫണ്ടിൽ നിന്നും റീകൂപ്പ് ചെയ്യുന്നതിനും അനുവദിച്ച് തീരുമാനിച്ചു.

2.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ 10% റോഡിലെങ്കിലും 10% പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ടാറിനൊപ്പം പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് ആവശ്യമായ സ്പെസിഫിക്കേഷൻ നൽകുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പ്രോജക്ടിന് അംഗീകാരം നേടുമ്പോൾ 10% റോഡുകളിൽ പ്ലാസ്റ്റിക് കൂടി ചേർത്തിട്ടുണ്ടെങ്കിൽ മാത്രമേ ഡി.പി.സി. അനുമതി നൽകാവൂ എന്നും നിർദ്ദേശിച്ചു.

2.4 02.03.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 3.21 പ്രകാരം പാലിയേറ്റീവ് കെയർ സംബന്ധിച്ച മാർഗരേഖയിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് കിലയ്ക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

(യോഗം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു)